# Mar Walah East Syriac Academy

*Ref. No. LRC/280418/32* — *Date: 28-04-2018*


# സുറിയാനി ഭാഷാപഠനം പൗരാണികതയിലേക്കുള്ള കിളിവാതിൽ

**കൊച്ചി:** **സു**റിയാനി ഭാഷാപഠനം പൗരാണികതയിലേക്കുള്ള കിളിവാതിലാണെന്ന് സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. കാക്കനാട് മൗ സെന്റ് തോമസിലെ മാർ വാലാഹ് സിറിയക് അക്കാദമി സംഘടിപ്പിച്ച വേനൽക്കാല സുറിയാനി ശിബിരത്തിന്റെ സമാപന സന്ദേശം നൽക്കുകയായിരുന്നു കർദിനാൾ. വിവിധ പുരാതന ഭാഷകളും സംസ്ക്കാരവും ഭാഷാശാസ്ത്രവും പഠിക്കുന്നതിനു സുറിയാനി ഭാഷാപഠനം സഹായകമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.



**മൗ സെന്റ് തോമസിൽ മാർ വാലാഹ് സിറിയക് അക്കാദമിയുടെ ഏഴാമത്തെ സുറിയാനി പഠന ബാച്ചിനോടൊപ്പം കർദിനാൾ ജോർജ് ആലഞ്ചേരി മാർ വാലാഹ് സിറിയക് അക്കാദമി ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ എന്നിവർ.**

**സീ**റോ-മലബാർ വിവിധ രൂപതകളിൽ നിന്നുമുള്ള അല്മായരും, വിദ്യാർത്ഥികളും, സെമിനാരിക്കാരും സന്യാസിനികളും പഠനശിബിരത്തിൽ പങ്കെടുത്തു. വിജയികളായവർക്ക് 'സർട്ടിഫിക്കറ്റ് ഓഫ് മെരിറ്റ്' കർദിനാൾ ആലഞ്ചേരി വിതരണം ചെയ്തു. കാഞ്ഞിരപ്പള്ളി സഹായമെത്രാൻ മാർ ജോസ് പുളിക്കൽ, ഷംഷാബാദ് രൂപതാ മെത്രാൻ മാർ റാഫേൽ തട്ടിൽ, കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവർ പഠനശിബിരത്തിന് ആശംസകൾ നേർന്നു പ്രസംഗിച്ചു.

**മാ**ർ വാലാഹ് സിറിയക് അക്കാദമി ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ, സജിത്ത് കെ. ബൈജു, സുരേഷ് തൃശൂർ എന്നിവർ സുറിയാനി ക്ലാസ്സുകൾ നയിച്ചു.



**സുറിയാനി പഠനശിബിരത്തിനു കർദിനാൾ ജോർജ് ആലഞ്ചേരി സമാപന സന്ദേശം നൽകുന്നു. റവ. ഡോ. പീറ്റർ കണ്ണമ്പുഴ സമീപം.**

**കാ**ക്കനാട് മൗ സെന്റ് തോമസിൽ സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയയിലെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിലാണ് മാർ വാലാഹ് സുറിയാനി അക്കാദമി സ്ഥാപിതമായിട്ടുള്ളത്. ബിഷപ്പ് പോളി കണ്ണൂക്കാടൻ മാർ വാലാഹ് സിറിയക് അക്കാദമി ചെയർമാനും ബിഷപ്പ് റെമിജിയൂസ് ഇഞ്ചനാനിയിൽ എപ്പിസ്ക്കോപ്പൽ മെമ്പറും റവ. ഡോ. പീറ്റർ കണ്ണമ്പുഴ ഡയറക്ടറുമാണ്. അടുത്ത സുറിയാനി പഠനശിബിരം ഒക്ടോബർ മാസം 17 മുതൽ 21 വരെയാണ്. വിശദവിവരങ്ങൾക്ക് 9497324768; 0484 2425727 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

*Thank you very much for all your valuable support.*



**ബിഷപ്പ് മാർ റാഫേൽ തട്ടിൽ സുറിയാനി ബാച്ചിനോടൊപ്പം**



മാർ വാലാഹ് സിറിയക് അക്കാദമിയുടെ ഏഴാമത്തെ സുറിയാനി പഠന ബാച്ച്

Mar Walah Syriac Academy of the Syro-Malabar Church
Estd. 2015

റവ. ഡോ. പീറ്റർ കണ്ണമ്പുഴ
മാർ വാലാഹ് സിറിയക് അക്കാദമി ഡയറക്ടർ